

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP · DEVALOKAM · KOTTAYAM · 686 038 KERALA · PHONE : 8234

വാല്യം 6 | 1989 മാർച്ച് 17 | ലക്കം 10


## സുവിശേഷ പരിശീലന ക്ളാസ്സ്

മാവേലിക്കര മിഷൻ പരിശീലനകേന്ദ്രത്തിൽവച്ച് എല്ലാവർഷവും നടത്താറുള്ള സമ്മർ ബൈബിൾക്ലാസ്സുകൾ ഈ വർഷം 1989 മെയ് 14 മുതൽ 28 വരെയുള്ള തീയതികളിൽ നടത്തുന്നു. അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, സഭയിലെ മററുതിരുമേനിമാർ പ്രഗത്ഭരായ പഴയ–പുതിയനിയമപണ്ഡിതന്മാർ വേദശാസ്ത്രജ്ഞന്മാർ സഭാചരിത്രപണ്ഡിതർ, മന:ശാസ്ത്രജ്ഞന്മാർ തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കുന്നു.

താല്പര്യമുള്ള യുവതീയുവാക്കൾ പേരുകൾ 1989 മെയ് 10–നുമുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിലാസം സെൻറ് പോൾസ് മിഷൻ ട്രെയിനിംഗ് സെൻററ്, മാവേലിക്കര-3

# പരിശുദ്ധ ബാവായുടെ 84-ാം ജന്മദിനം

സ്റ്റാഫ് റിപ്പോർട്ടർ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് മാർച്ച് 27–ന് 84–ാം ജന്മദിനം ആഘോഷിക്കുന്നു. അന്നു രാവിലെ 8 മണിക്ക് ദേവലോകം അരമനചാപ്പലിൽ വി. കുർബ്ബാനയും ജന്മദിന സ്തോത്രപ്രാർത്ഥനയും ഉണ്ടായിരിക്കും.

11 മണിക്ക് പത്തനംതിട്ട മാക്കാംകുന്ന് കത്തീഡ്രലിൽ പരിശുദ്ധ ബാവാതിരുമനസ്സുകൊണ്ട് ഒരു വിവാഹം ആശിർവദിക്കുന്നതാണ്.

വൈകിട്ട് 5 മണിക്ക് മാർ ഏലിയാ കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ ജന്മദിനാഘോഷങ്ങൾ നടക്കും. ചടങ്ങിൽ നിരവധി വിശിഷ്ടാതിഥികൾ സംബന്ധിച്ച് പരിശുദ്ധ ബാവായ്ക്ക് ജന്മദിനാശംസകൾ നേരും. മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് വായനക്കാരുടെ നാമത്തിൽ പരിശുദ്ധ ബാവായ്ക്ക് ജന്മദിനാശംസകൾ.

## പ: ബാവായുടെ പ്രോഗ്രാം: മാർച്ച്

23 വ്യാഴം കാൽകഴുകൽ ശുശ്രൂഷ. ഉമയാററുകര.
27. പ. ബാവായുടെ ജന്മദിനം.

രാവിലെ 7 മണി വി. കുർബ്ബാന, ദേവലോകം അരമന, 11 മണി പത്തനംതിട്ട മാക്കാംകുന്നുപള്ളി, 2 മണി ജന്മദിനാഘോഷം കോട്ടയം ഏലിയാ കത്തീഡ്രൽ.

## ഭവനദാന പദ്ധതി

കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താമാരുടെ ജന്മദിനാ ഘോ ഷ ങ്ങളോടനുബന്ധിച്ച് നടത്തുന്ന ഭവനരഹിതർക്കൊരു ഭവനദാനപദ്ധതിയിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്യുക. ഈആഴ്ചയിൽ ഹെറാൾഡിലേയ്ക്കയച്ചുതന്നത് കെ.കെ. കോശി ഡൽഹി–200 രൂ.

## സ്ക്കൂൾവാർഷികം

പാമ്പാടി: ബി. എം.എം. ഇംഗ്ളീഷ് മീഡിയം സ്കൂൾ വാർഷികം മാർച്ച് 10–ന് ആഘോഷിച്ചു. റമ്പാൻ തെയോഫോറസ് കോർ എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ബാബു പോൾ ഐ. എ. എസ്. ഉദ്ഘാടനം ചെയ്തു. മറിയാമ്മ കുര്യാക്കോസ്, വി.കെ. തോമസ് എന്നിവർ പ്രസംഗിച്ചു. പി. സി. യോഹന്നാൻ റമ്പാൻ സ്വാഗതവും എം.കെ. കുര്യൻകുഞ്ഞ് കൃതജ്ഞതയും പറഞ്ഞു.

## ഭവനദാനം

തിരുവല്ല: സെൻറ് തോമസ് സെഹിയോൻ ഓർത്തഡോക്സ് ചാപ്പൽ യുവജനപ്രസ്ഥാനത്തിന്റെ ഒരു പ്രത്യേക യോഗം ഒരു നിർദ്ധനകുടുംബത്തിന് വീടു നിർമ്മിച്ചു നൽകുവാൻ തീരുമാനിച്ചു. സമ്മേളനത്തിൽ പ്രൊഫ. സി. എ. ചാക്കോ ചാത്തങ്കേരിൽ അദ്ധ്യക്ഷത വഹിച്ചു. വലിയ നോമ്പുകാലയളവിൽ തന്നെ പദ്ധതി പൂർത്തിയാക്കുവാൻ ഫാ. എം. എസ്. ഉമ്മൻ യുവജനങ്ങളെ ആഹ്വാനം ചെയ്തു.

## വാർത്തകൾ അയയ്ക്കുന്നവർ ശ്രദ്ധിക്കുക

ഹെറാൾഡിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്ന വാർത്തകൾ രണ്ടാഴ്ച മുൻപെങ്കിലും ഓഫീസിൽ ലഭിച്ചിരിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. ഇതര പത്രങ്ങളിൽ വന്ന വാർത്തകൾ ഉപേക്ഷിക്കണം എന്നു കാണിച്ച് നിരവധി കത്തുകൾ ഓഫീസിൽ ലഭിച്ചുകൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾക്ക് ഈ കുറിപ്പ് ചേർക്കേണ്ടിവരുന്നത്. വാർത്തകളോടൊപ്പം തിരുമേനിമാരുടെയോ പ്രമുഖവ്യക്തികളുടെയോ പ്രസംഗസാരാംശംകൂടി ഉണ്ടായിരിക്കേണ്ടതാണ്. വിലാസം ഓർത്തഡോക്സ് ഹെറാൾഡ്, ദേവലോകം അരമന, കോട്ടയം–686 038

പത്രാധിപർ

## അറിയിപ്പ്

ഈസ്റ്റർ പ്രമാണിച്ച് ഓഫീസ് അവധിയാകയാൽ അടുത്ത ആഴ്ച പത്രം ഉണ്ടായിരിക്കുന്നതല്ല.

എന്ന്
മാനേജർ

# കോർ എപ്പിസ്കോപ്പാമാരുടെ അധികാരം നിശ്ചയിക്കണം: കൗൺസിൽ

കോട്ടയം: കോർ എപ്പിസ്കോപ്പാമാരുടെ അവകാശാധികാരങ്ങളും പ്രവർത്തനമേഖലകളും നിർണ്ണയിക്കണമെന്ന് കോർ എപ്പിസ്കോപ്പന്മാരുടെ കൗൺസിൽ പരിശുദ്ധ ബാവായോടപേക്ഷിച്ചു.

ഫെബ്രുവരി 14–ന് കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെൻററിൽ ചേന്ന കൗൺസിലാണ് ഈ അഭ്യർത്ഥന പുറപ്പെടുവിച്ചത്.

ഫാ. ടി. ജെ. ജോഷ്വാ, ഫാ. ജേക്കബ് കുര്യൻ എന്നിവർ ക്ളാസ്സുകൾ എടുത്തു, റമ്പാൻ തെയോഫോറസ് കോർ എപ്പിസ്ക്കോപ്പാ സ്വാഗതവും ജേക്കബ് മണ്ണാറപ്രായിൽ കോർ എപ്പിസ്ക്കോപ്പാ കൃതജ്ഞതയും പറഞ്ഞു.

സമ്മേളനത്തിൽ സഭയിലെ 16 കോർ എപ്പിസ്ക്കോപ്പന്മാർ സംബന്ധിച്ചു.

പുതിയ വർഷത്തെ ഭാരവാഹികളായി സി. വി. ജോർജ് കോർ എപ്പിസ്ക്കോപ്പാ (പ്രസിഡൻറ്), ജേക്കബ് മണ്ണാറപ്രായിൽ കോർ എപ്പിസ്ക്കോപ്പാ (സെക്രട്ടറി/ട്രഷറാർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

# CHURCHES IN SOLIDARITY WITH WOMEN

## Prof. MARY THOMAS

**Prof. Mary Thomas Women's Commission of the K. C. C. has presented the Currently important 'issue' 'Churches in Solidarity with Women' in the meeting Convened by the W C C. at Cairo during March 3 to 8 1989. She has represented specially our Orthodox Women**

**1. Place of women in the church:**

The Orthodox women are generally educated and many of them hold responsible positions in service and other fields. She can be counted as better than her counterparts in other Christian and non–Xian communities in India. But economic and employment back–wardness prevalent in the third world countries casts its shadows on her too In the church she is respected. Yet in church she is relectant generally to play an active role. She is happy and contended with her traditional role of worshiping, Sunday School teaching and membership in the church fostered Women's associations. This is due to the traditional pattern of discipline which exists in the Orthodox Church-traditions that have been passed on from generation to generation. I would reproduce certain portions of my article mentioning the inequalities of women in the Orthodox Church written some 2 years back and published in a W.C.C. bulletin-Womenin a changing world–June 87 Page 10

**2 Traditions Universal?**

The Orthodox Church goes much by traditions than by written definitions. The article written by Verna Harrison in the 1987 November issue of the 'Orthodox Church' monthly of the Orthodox Church of America (Not India) brings out some of the discriminations against women in that Church. These discriminations though traditionally followed appear to be part and parcel of each Orthodox Church. Feeble murmer against such practices are also coming up in each church.

**3. Reformation and the revolt against reformation:**

The Indian Orthodox Church recently removed the restrictions which I had stated earlier against the female baby at the baptism cersemony.It has appointed a commission to study the womens issues in the Church under Chairmanship of Metrapolitan Poulose Mar Gregoriose, President of the W.C.C. The lifting of the rest rictions on female babies is a bold and progressive one. Even Orthodox Churches in well advanced Western countries are still said to be practicing these discriminations. Another bold step adopted by the Indian Orthodox Church is that, girls are given the freedom to read Bible during the Sunday Service. These reformations are not cordially welcomed by the

(ശേഷം 3–ാം പേജിൽ)

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 6 1989 മാർച്ച് 17 ലക്കം 10

# യേശു നിനക്ക് ആര്?

‘നിങ്ങൾ എന്നെ ആരെന്നു പറയുന്നു’? (വി. മത്താ. 16:15) എന്ന് യേശു തന്റെ ശിഷ്യന്മാരോട് ആരാഞ്ഞത് അവരിൽനിന്നും ഒരു വിശ്വാസപ്രഖ്യാപനം ഉദിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു എന്നു കരുതാനാവില്ല. പക്ഷെ ശിമോൻ പത്രോസ് നൽകിയ മറുപടിയും തുടർന്ന് ക്രിസ്തു ഏറെറടുത്തിരിക്കുന്ന ദൗത്യം എന്തെന്നു വെളിപ്പെടുത്തുന്നതും, അതിനു വിഘാതം സൃഷ്ടിക്കുന്നത് പിശാചാണെന്നുമുള്ള പ്രസ്താവനയും വിശ്വാസത്തിന്റെ ഏററുപറച്ചിലിന് പുതിയൊരു മാനം നൽകുന്നുണ്ട്. ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കാളിയാകാൻ കാംക്ഷിക്കുന്നയാളിന്, തന്റെ പീഡാനുഭവപാനപാത്രത്തിൽനിന്നും ഒഴിഞ്ഞു മാറാനാവില്ല—ഈ സത്യമാണ് അവിടുന്ന് പത്രോസിനു വെളിപ്പെടുത്തിക്കൊടുക്കുന്നത്. യേശുവിന്റെ വിരുന്നുശാലയിൽ പന്തിയിലിരിക്കുന്നതിന് തയ്യാറായി അനേകരെ കാണാം; പക്ഷെ തന്റെ പീഢയിലും അപമാനത്തിലും പങ്കുകാരാകാൻ വളരെകുറച്ചുപേരെ മാത്രമെ കാണുന്നുള്ളു? കുരിശില്ലാതെ കിരീടമില്ല. കിരീടം മാത്രം മതിയെന്നാഗ്രഹിക്കുകയും കുരിശു കണ്ടാൽ ഒഴിഞ്ഞുമാറുകയും ചെയ്യുന്നവർ യഥാർത്ഥ ശിഷ്യന്മാരല്ല. ഏതു മനുഷ്യനും ‘യേശു നിനക്ക് ആര്?’ എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ ബാദ്ധ്യസ്ഥനാണ്. പലരും ശീമോൻ പത്രോസിനെപ്പോലെ, ‘നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്’’ എന്ന് സമ്മതിച്ചുപറയാൻ കഴിഞ്ഞേക്കും. എന്നാൽ ആ വിശ്വാസപ്രഖ്യാപനം തങ്ങളുടെ ബോധത്തിലും അനുഭവത്തിലും കലർന്ന്, നിറഞ്ഞ് ഉയരുമ്പോൾ യേശു നമുക്കെല്ലാം ഒരു ‘യാഥാർത്ഥ്യമായിത്തീരും. ‘യേശുവിനെപ്പററി, തന്നോടുള്ള സ്നേഹബന്ധത്തിൽ എനിക്കുണ്ടായിട്ടുള്ള അനുഭവം ഇതാണ്’’ എന്നൊന്നു പറയാൻ നമുക്കു കഴിഞ്ഞെങ്കിൽ! അതായിരിക്കും വ്യക്തിപരമായി, നിർവചനപരമായി, ആ ബന്ധം നാം അനുഭവിച്ചതിന്റെ തെളിവ്. യേശു എന്നും നമുക്ക് ഒരു സങ്കല്പമോ ഉപാസനാവിഷയമോ, പ്രഭാഷണമേഖലയോ മാത്രമായി നിലനില്ക്കുമോ? അങ്ങനെയൊരു അനുഭവംതേടി, അതിനായി കാത്തിരിക്കുന്നവർക്കല്ലാതെ ആർക്കാണ് അതുണ്ടാവുക? വി. പൗലൂസിന് തന്റെ ശാരീരികജീവിതത്തിൽ പലപ്പോഴായി യേശുവിന്റെ ‘അനുഭവങ്ങൾ’ ഉണ്ടായി. യേശുവിന്റെ ചൂടടയാളം സ്വശരീരത്തിൽ വഹിക്കുന്നതിനെപ്പററി ‘പറയാൻ’ അദ്ദേഹത്തിനു വകയുണ്ടായിരുന്നു! ‘നമ്മുടെ അനുഭവങ്ങൾ’ എവിടെ നില്ക്കുന്നു? ഒന്നുമില്ല എന്ന ഏതൽക്കാലസ്ഥിതികൾ

## ധ്യാനപീഠം

കൊണ്ട് തൃപ്തരായി നാം കഴിഞ്ഞുകൂടുമോ? യേശു മൊഴിയുന്നു ‘നിങ്ങളോടു കല്പിക്കപ്പെട്ടതെല്ലാം തികച്ചശേഷവും, നിങ്ങൾ പ്രയോജനമില്ലാത്ത ദാസൻമാർ എന്ന് നിങ്ങളെത്തന്നെ കരുതിക്കൊൾവിൻ, കാരണം നിങ്ങളോട് ആജ്ഞാപിച്ചതുമാത്രമെ നിങ്ങൾ ചെയ്തിട്ടുള്ളു’. അപ്പോൾ ആരാണ് പ്രയോജനമുള്ള ദാസന്മാർ? തങ്ങളുടെ തൽക്കാലസ്ഥിതിയിൽനിന്ന് പറന്നുയരാൻ ശ്രമിക്കുന്നവർ. യജമാനന്റെ ഹിതമെന്തെന്നറിഞ്ഞ് അതു നിറവേററാനുംകൂടി ഉത്സുകരായിരിക്കുന്നവർ!

വെളിപ്പാടുപുസ്തകകർത്താവ് യേശു നമുക്കാര്? അവൻ നമുക്ക് എന്തു ചെയ്തുതന്നു? എന്നതിന് ഒരു നിർവ്വചനവും വിവരണവും തരുന്നുണ്ട്. അവിടെ ഊന്നൽകൊടുക്കുന്നത് താഴെ പറയുന്ന കാര്യങ്ങൾക്കാണ്:

യേശു നമ്മെ സ്നേഹിക്കുന്നു. അവൻ നമ്മുടെ പാപം പോക്കി. തന്റെ രക്തത്താൽ നമ്മെ സ്വതന്ത്രരാക്കി. പിതാവാം ദൈവത്തിന് നമ്മെ രാജ്യവും പുരോഹിതന്മാരുമായിത്തീർത്തു. ഇവയിലോരോന്നും വളരെ ശാന്തമായി നമ്മോടുതന്നെ പറയാം; വീണ്ടും പറയാം. യേശു എന്നെ സ്നേഹിക്കുന്നു. അവൻ എന്റെ പാപങ്ങൾ പരിഹരിച്ചു. തന്റെ രക്തം ചൊരിഞ്ഞ് എനിക്കു സ്വാതന്ത്ര്യം നേടിത്തന്നു. തന്റെ പിതാവിന്റെമുമ്പിൽ സ്വന്തജനവും പുരോഹിതന്മാരുമായവരുടെ ഗണത്തിൽ എന്നെ ചേർത്തു. യേശു ‘നീയാണെന്റെ ജീവൻ.

**പ്രാർത്ഥന:** യേശു! നിന്നെയറിവാൻ ഞാൻ ശ്രമിക്കുമ്പോഴാണ്, നിന്റെ വിശുദ്ധിയിൽനിന്നും സന്നിധിയിൽനിന്നും ഞാൻ എത്ര ദൂരെയായിരിക്കുന്നു എന്ന് മനസ്സിലാവുന്നത്. അവിടുന്നു വെളിപ്പെടുത്തിതരാതെ എനിക്കു നിന്നെ മനസ്സിലാക്കാനാവില്ല കണ്ടാലും! നീ എന്നോടൊപ്പമുണ്ട് എന്ന യഥാർത്ഥ്യം എന്റെ ബോധത്തിലും ബുദ്ധിയിലും തെളിയിക്കണമേ, വി. കുദാശയിലൂടെ ഞാൻ നിന്നെ, യഥാർത്ഥമായി അറിഞ്ഞ് ഉൾക്കൊള്ളുന്നു. നിന്റെ സാന്നിദ്ധ്യത്തിന്റെ അനുഭവം എന്റെ ജീവന്റേയും ബോധത്തിന്റേയും ഭാഗമാകുവാൻ തിരുവുള്ളമുണ്ടാകണമേ!

**ചിന്താവിഷയം** വെളിപ്പാട് 1:6 ‘നമ്മെ സ്നേഹിക്കുന്നവനും, നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ച് തന്റെ പിതാവായ ദൈവത്തിന് നമ്മെ രാജ്യവും പുരോഹിതന്മാരുമാക്കിത്തീർത്തവനുമായവനു എന്നന്നേക്കും മഹത്വവും ബലവും;’

ഫാ. ജേക്കബ് ചെറിയാൻ

## ധ്യാനവേദി അദ്ധ്യായം 13

# ക്രിസ്ത്വാനുകരണം

തോമസ് എ. കെംപിസ്

വിവ. പ്രൊ: കെ. വി. തമ്പി

യേശുക്രിസ്തുവിന്റെ മാതൃകയ്ക്ക് അനുരോധമായ എളിയ വിധേയതയേയും അനുസരണത്തേയും പററി

നാഥന്റെ സ്വരം: എന്റെ മകനെ അനുസരണയിൽനിന്ന് രക്ഷപെടാൻ യത്നിക്കുന്ന ഏതൊരുവനും യഥാർത്ഥത്തിൽ വരപ്രസാദത്തിൽനിന്ന് രക്ഷപെടുകയാണ്; മാത്രമല്ല സ്വകാര്യപദ്ധതികളെ പിന്തുടരുന്ന ഏതൊരുവനും സംഘാനുഗ്രഹത്തെ നഷ്ടപ്പെടുത്തുന്നു.

ഒരു മനുഷ്യൻ തന്റെ മേലാളന് സസന്തോഷം സ്വയം വിധേയപ്പെടുന്നില്ലെങ്കിൽ അയാൾ ഇനിയും പൂർണ്ണാനുസരണം പഠിച്ചില്ലെന്നും അതിപ്പോഴും സജീവവും പരിദേവനപ്രവണവുമാണെന്ന് വ്യക്തമാകുന്നു. നിന്റെ പഴയ സ്വഭാവത്തെ നിയന്ത്രണാധീനമാക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ നിന്റെ മേലാളന് വിധേയപ്പെടാൻ നീ പഠിക്കേണ്ടിയിരിക്കുന്നു. അന്തഃസ്ഥിതനായ മനുഷ്യൻ അരാജകത്വത്തിൽ അല്ലെങ്കിൽ, ബാഹ്യനായ ശത്രു എത്രയുംവേഗം തോല്പിക്കപ്പെടുന്നു. നീയും നിന്റെ ആത്മാവും സമരസത്തിലല്ലെങ്കിൽ നീ നിനക്ക് തന്നെ ഏററവും അപായകരവും ശല്യദവുമായ ശത്രുവാകും. മാംസത്തിന്റേയും രക്തത്തിന്റേയുംമേൽ വിജയംവരിക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ സ്വത്വത്തോട് വാസ്തവമായ അനാസക്തി ദീക്ഷിക്കുവാൻ പഠിക്കേണ്ടിയിരിക്കുന്നു. നിന്റെ ആത്മസ്നേഹം ഇപ്പോഴും അസംയമിതമായിരിക്കുന്നതിനാലാണ് അപരരുടെ ഇച്ഛയ്ക്ക് വിധേയനാകാൻ നീ ഭയപ്പെടുന്നത്.

ഒന്നുമില്ലായ്മയിൽനിന്ന് സമസ്തവസ്തുക്കളേയും സൃഷ്ടിച്ച സർവ്വശക്തനും സർവ്വോന്നതനുമായ ഈ ഞാൻ നിനക്കുവേണ്ടി മനുഷ്യർക്ക് എളിമയോടെ കീഴടങ്ങുമ്പോൾ, ധൂളിയും ശൂന്യതയുമായ നീ ദൈവത്തിനുവേണ്ടി മനുഷ്യർക്ക് വിധേയപ്പെടുന്നതിൽ അത്ഭുതകരമായി എന്തെങ്കിലും ഉണ്ടോ? നിന്റെ അഹങ്കാരത്തെ എന്റെ എളിമയാൽ ഭഞ്ജിക്കുവാൻ ഞാൻ വിനീതരിൽ വിനീതനും എളിയവയിൽ എളിയവനും ആയി. അനുസരണയെ പഠിക്കുക; എന്തെന്നാൽ നീ വെറും ധൂളിയാകുന്നു. സ്വയം വിനീതനാകാൻ പഠിക്കുക; അഖിലരുടേയും പാദങ്ങൾക്കുതാഴെ നിന്നെ വിന്യസിക്കുവാനും; എന്തെന്നാൽ നീ നിലത്തിലെ കളിമണ്ണാകുന്നു. സ്വാഭിലാഷങ്ങളെ തകർക്കുവാൻ നീ പഠിക്കുക; സംപൂർണ്ണമായ വിധേയതയോടെ സ്വയം കീഴടങ്ങുവാനും. നിന്നിലുള്ള അഹങ്കാരത്തിന്റെ അടയാളത്തെപ്പോലും വന്യമായ ഭാവത്തോടെ ചവിട്ടിത്തേക്കുക; എന്നിട്ട് സർവ്വരും തെരുവിലെ പങ്കത്തിലെന്നപോലെ നിന്റെ മേൽ നടക്കുവാനും നിന്നെ ചവിട്ടിത്താഴ്ത്തുവാനും കഴിയത്തക്കവണ്ണം വിനീതനും അഗണ്യനുമായിനിന്നെ പ്രദർശിപ്പിക്കുക.

അല്ലയോ വിലയില്ലാത്ത ജീവരൂപമേ! മനുഷ്യൻ നിന്നിൽ കുററം കണ്ടെത്തുമ്പോൾ പരാതിപ്പെടാൻ നിനക്കെങ്ങനെ കഴിയും. തമോരൂപനായ അല്ലയോ പാപീ എന്തു പ്രതിരോധമുണ്ട് നിനക്കു രചിക്കുവാൻ?

അസംഖ്യേയാവസരങ്ങളിൽ നീ ദൈവത്തോടു അതിക്രമം കാട്ടി. നരകശിക്ഷയെ സമ്പാദിക്കുകയും ചെയ്തിരിക്കുന്നു.

എന്നിട്ടും നിന്റെ ആത്മാവ് എനിക്ക് അമൂല്യമായിരുന്നു ഞാൻ താഴോട്ടുനോക്കി നിന്നെ ശിക്ഷയിൽനിന്ന് ഒഴിവാക്കി; എന്റെ സ്നേഹത്തെ നീ സാക്ഷ്യപ്പെടുത്തുവാൻ, എന്റെ ഉപകാരങ്ങളോടുള്ള നിതാന്തകൃതജ്ഞതയിൽ ജീവിക്കുവാൻ, സത്യമായ വിധേയതയുടേയും എളിമയുടേയും നേരെ പരിശ്രമിച്ചുനീങ്ങാൻ, അവജ്ഞയോടെ നീ പരിഗണിക്കപ്പെടുമ്പോൾ ക്ഷമയോടെ കീഴ്വഴങ്ങുവാനും.

പ്രാർത്ഥനാവലയം

ഫാ. പി. എൻ. പോൾ,
മാർ കുറിയാക്കോസ് ആശ്രമം,
മൈലപ്ര. പി. ഒ.
പത്തനംതിട്ട.
ഫോൺ. 04751 - 2295

## പ്രാർത്ഥനാപംക്തി: 8

## പ്രാർത്ഥനാവലയം: ‘പ്രാർത്ഥനാ,ഫോൺ’ ആത്മവ്യാപാരത്തിന്റെ സൂചനാശബ്ദം പ്രാർത്ഥനയിലും ‘ഡയൽ ടോൺ’ ശ്രദ്ധിക്കുക

‘നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെഫലിക്കുന്നു.’

[യാക്കോബ് 5:16]

ഫലപ്രദമായ പ്രാർത്ഥനയിൽ യേശുവിന്റെ നീതികുപ്പായത്തിൽ പൊതിയപ്പെട്ട വിശ്വാസി എന്തെല്ലാം ശ്രദ്ധിക്കണം? ഫോണിൽക്കൂടി സംസാരിക്കാൻ ഒരുങ്ങുന്നവർ ആദ്യം ‘ഡയൽ ടോൺ’ ശ്രദ്ധിക്കുന്നതുപോലെ [ഫോൺ കമ്പികളും ഫോണിന്റെ യന്ത്രസംവിധാനങ്ങളും ഉപയോഗയോഗ്യമായി നന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ സൂചനാശബ്ദമാണല്ലോ ‘ഡയൽ ടോൺ’] പ്രാർത്ഥിക്കാൻ ഒരുങ്ങുന്നവർ സ്വർഗ്ഗത്തിലേയ്ക്ക് ഫോൺ വിളിച്ച് പ്രാർത്ഥിക്കുന്നതിനു മുൻപ് പ്രാർത്ഥനയെ സ്വർഗ്ഗത്തിലെത്തിക്കുന്ന ഡയൽടോൺ കേൾക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പ്രാർത്ഥിക്കുന്ന ദൈവപൈതൽപ്രാർത്ഥിക്കാൻ മുട്ടുകുത്തുമ്പോൾ, പരിശുദ്ധാത്മാവാകുന്ന പ്രാവിന്റെ കുറുകൽശബ്ദവും, ആത്മസന്തോഷത്തിന്റെ കണ്ണുനീരും ഉണ്ടായാൽ, അതു സ്വർഗ്ഗീയ ഫോണിന്റെ ഡയൽ ടോണായി കരുതാം. യേശു ലാസറിന്റെ കല്ലറയ്ക്കൽ കണ്ണീർ വാർത്തത്, പ്രാർത്ഥന കേൾക്കപ്പെട്ടതിന്റെ മുന്നറിവു നൽകിയ ആനന്ദകണ്ണുനീർ ആയിരുന്നു. യോഹ. (11:36) യേശുവിന്റെ ആ കണ്ണുനീർ ഉയർപ്പിക്കാൻ കഴിവുള്ള തന്റെ പ്രാർത്ഥനാശക്തിയുടെ ബാഹ്യമായ അടയാളമായിരുന്നു. ആത്മവ്യാപാരത്തിന്റേയും, പ്രാർത്ഥന കേൾക്കപ്പെടുന്നതിന്റെ ഉറപ്പിന്റേയും സൂചന നൽകുന്ന, ഉയർപ്പിന്റെ ആത്മവ്യാപാരമുള്ള ആനന്ദകണ്ണുനീർ ലഭിക്കാത്ത അവസരത്തിൽ നടത്തുന്ന പ്രാർത്ഥനകൾ വെറും ജല്പനങ്ങളായി മാറുന്നു. ‘ഡയൽടോൺ’ കേൾക്കാത്തപ്പോൾ ഫോണിൽക്കൂടി സംസാരിക്കുവാനുള്ള ഉദ്യമം മാററിവച്ച്, ഫോണിന്റെ കേട്പോക്കാൻ ഫോണാഫീസിലേയ്ക്ക് മറെറാരു കേടില്ലാത്ത ഫോണിൽക്കൂടെ സംസാരിക്കുവാൻ ശ്രമിക്കുന്നപോലെ, മററുള്ളവരോടു മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ആ അപേക്ഷ ഭൂമിയിലും പറുദീസായിലുമുള്ള, സജീവരായ വിശ്വാസികൾക്ക് ഒരുപോലെ സ്വീകരിച്ച് നമ്മെ സഹായിക്കുവാൻ കഴിയും. പ്രാർത്ഥനാവലയം പറുദീസായിലും ഭൂമിയിലുമുള്ള എല്ലാ സജീവ വിശ്വാസികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പബ്ലിക് ഫോൺ കോൾ ഓഫീസായിത്തീരട്ടെ. ‘നാം എന്തു് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നുയെന്നറിയുന്നുവെങ്കിൽ, അവനോടു കഴിച്ച അപേക്ഷ നമക്ക് ലഭിച്ചു എന്നും അറിയുന്നു. (1 യോഹ. 5:15)

ഈയാഴ്ച പ്രാർത്ഥനയ്ക്കായി ഓർക്കപ്പെടേണ്ട പേരുകൾ:–

(1) HPG–26
(a) Mr. C C. Chengaroor
കൂടുതൽ ദൈവകൃപയ്ക്കായി
(b) Mr. V.C.K.
സൗഖ്യം, സമാധാനം
(c) Mrs. M.K.
സൗഖ്യം, സമാധാനം
(d) Mr. B.K, (e) Miss B.K.
(f) Mr. B. K.
വിദ്യാഭ്യാസം, നല്ല ഭാവി, കൃപ
(2) H.P.G- 27 Mr. MPG.
ആലപ്പുഴ
രോഗസൗഖ്യം, മകന്റെ നല്ല പെരുമാററം,
മകൾക്ക് നല്ല ബുദ്ധി ലഭിപ്പാനും.

പ്രാർത്ഥനാവിഷയങ്ങൾ എഴുതിയ കത്തുകൾ അയയ്ക്കേണ്ട മേൽവിലാസം:
പ്രാർത്ഥനാവലയം സെക്രട്ടറി,

(ശേഷം 5–ാം പേജിൽ)

## അമേരിക്കയിലൂടെ-11

# വില്ക്കാനുണ്ട് പള്ളികൾ

**ഷേബാലി**

അമേരിക്കൻ യാത്രയ്ക്കിടയിൽ പരിചയപ്പെടാനിടയായ ചെങ്ങന്നൂർ ചെറിയനാട്ട് തക്കോലയ്ക്കൽ തോട്ടപ്പുറത്ത് കോരുതുചെറിയാന്റെയും ഏലിയാമ്മയുടെയും പുത്രനെ അത്ഭുതം കൂറുന്ന മിഴികളോടയേ എനിക്കു നോക്കിനില്ക്കാനായുള്ളു.

അദ്ദേഹമാണ് റവ. ഡോ. കുര്യൻ തോട്ടപ്പുറം കോർ എപ്പിസ്കോപ്പാ.

അമേരിക്കയിലെ ഷിക്കാഗോ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ വികാരിയായി സേവനമനുഷ്ഠിക്കുന്നു അദ്ദേഹം ഇപ്പോൾ.

കേരളത്തിൽ അത്മായക്കാരനായിരുന്നപ്പോൾ കുര്യൻ തോട്ടപ്പുറം അറുപതുകളിൽ മലയാളത്തിലെ ഒരറിയപ്പെടുന്ന സാഹിത്യകാരനായിരുന്നു.

അന്ന് പത്രമാസികകളിൽ നോവലുകളും കഥകളും എഴുതാറുണ്ടായിരുന്ന കാലം.

പെരുമ്പേപ്പാടം, ശാന്തി, കടപ്പാടുകൾ എന്നീ അദ്ദേഹത്തിന്റെ നോവലുകൾ പ്രസിദ്ധങ്ങളുമായിരുന്നു.

'കളരി' കുര്യൻ തോട്ടപ്പുറത്തിന്റെ ചെറുകഥാസമാഹാരമാണ്.

1965-ൽ സി. പി. ശ്രീധരൻ രചിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നമ്മുടെ സാഹിത്യകാരന്മാരിൽ അദ്ദേഹത്തെ മികച്ച ഒരു യുവസാഹിത്യകാരനായി എടുത്തുകാട്ടുന്നുണ്ട്.

20 വയസ്സുള്ളപ്പോൾതന്നെ മലയാളത്തിന്റെ ശ്രദ്ധയാകർഷിച്ച ഇദ്ദേഹം പത്തനാപുരം തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായാൽ ആകർഷിതനായി സഭാപ്രവർത്തനങ്ങളിലേയ്ക്കു വരികയാണുണ്ടായത്.

1946 ജൂൺ 18-ന് ജനിച്ച കുര്യൻ തോട്ടപ്പുറം 1967 മെയ് 30-ന് തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽനിന്നും ശെമ്മാശ്ശുപട്ടം സ്വീകരിച്ചു.

1970-ൽ വൈദികനായി.

67 മുതൽ 71 വരെ കാലയളവിൽ അദ്ദേഹം തോമ്മാ മാർ ദിവന്നാസ്യോസിലെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു.

തിരുവനന്തപുരം മാർ ഈവാനിയോസിൽനിന്നും ബി. എ. യും കർണ്ണാടക സർവ്വകലാശാലയിൽനിന്ന് ഫിലോസഫിയിൽ എം. എ. യും എം. എഡും കരസ്ഥമാക്കി.

1971-ൽ അമേരിക്കയിലെത്തിയ ഇദ്ദേഹം ദൈവശാസ്ത്രത്തിൽ ഉപരിപഠനം പൂർത്തിയാക്കി. തുടർന്ന് യൂണിവേഴ്സിററി ഓഫ് ഷിക്കാഗോ-ലയോളായിൽ ഫിലോസഫിയിൽ ഡോക്ടറേററും സമ്പാദിച്ചു.

ഷിക്കാഗോ റേഡിയോയിലും, അമേരിക്കൻ കേബിൾ ടി. വി. യിലും ആദ്യം ഉദ്യോഗംനേടിയ ഇദ്ദേഹം ഷിക്കാഗോ ഹൗസിംഗ് അതോറിററി & എഡ്യുക്കേഷൻ പ്രോഗ്രാമിന്റെ അസിസ്റ്റൻറ് അഡ്മിനിസ്ട്രേറററായും ലയോള യൂണിവേഴ്സിററി അസിസ്റ്റൻറ് പ്രൊഫസറായും പിന്നീട് സേവനം അനുഷ്ഠിച്ചു.

ഇപ്പോൾ സിററികോളജ് ഓഫ് ഷിക്കാഗോവിലെ വകുപ്പ് തലവനായും, പ്രോഗ്രാം, ഡവലപ്പ്മെൻറ് & പ്ലാനിംഗ് വിഭാഗം ഡയറക്ടറായും സേവനം അനുഷ്ഠിക്കുന്നു.

നിരവധി സർവ്വകലാശാലകളിൽ വിസിററിംഗ് പ്രൊഫസറായി പ്രഭാഷണങ്ങൾ നടത്തുകയും അമേരിക്കൻ ജേർണലുകളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ഇംഗ്ളീഷിൽ പുസ്തകങ്ങൾ രചിക്കുകയുംചെയ്യുന്നതോടൊപ്പം അമേരിക്കൻ ഭദ്രാസനത്തിനുവേണ്ടി കുടുംബാരാധനാക്രമം, പട്ടംകൊടക്രമം, നോമ്പിലെ നമസ്ക്കാരം, ഹാശാവാര ശുശ്രൂഷകൾ ഇവ ഇംഗ്ളീഷിലേയ്ക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സംസ്കൃതം, സുറിയാനി, ഗ്രീക്ക്, ലാററിൻ, അറമായ്ക്ക് എന്നീ ഭാഷകളിലെ അവഗാഹജ്ഞാനവും ഇംഗ്ളീഷ് ഭാഷയിലുള്ള പാണ്ഡിത്യവും ഒരു തത്വചിന്തകന്റെയും ദൈവശാസ്ത്രജ്ഞന്റെയും അറിവും ചേർന്നുള്ള ആകത്തുകയാണ് റവ. ഡോ. കുര്യൻ തോട്ടപ്പുറം.

ആ കഴിവുകൾ ഇനിയും സഭ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതാണ് ഖേദം.

അമേരിക്കയിലെ ജീവിതത്തിന്റെ ലൗകീകഭാവങ്ങൾ ഒന്നുംതന്നെ അദ്ദേഹത്തെ തൊട്ടുതീണ്ടിയിട്ടേയില്ല. സഭയുടെ പൗരാണികതയിലും സഭാപിതാക്കന്മാരിലും, പാരമ്പര്യത്തിലും, ഊററംകൊള്ളുന്ന ഡോ. കുര്യൻ തോട്ടപ്പുറം പുസ്തകങ്ങളെ സ്നേഹിക്കുന്ന ഒരു പഴമക്കാരനാണ്.

അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ഒരാഴ്ചക്കാലം ഒരാശ്രമ ജീവിതത്തിന്റെ അനുഭവവും അനുഭൂതികളുമാണ് എന്നിലുണർത്തിയത്.

അവിടെ നടക്കുന്ന കുടുംബ പ്രാർത്ഥനകളേക്കാൾ അദ്ദേഹത്തിന്റെ 15 ഉം 13 ഉം വയസ്സുള്ള കുട്ടികൾ നടത്തുന്ന വാചാപ്രാർത്ഥനകൾ. സഭയോടും നാടിനോടുമവർക്കുള്ള ബന്ധത്തിന്റെ ആഴംകുറിയ്ക്കുന്നതായിരുന്നു; മലയാളം സംസാരിക്കാനറിയില്ലെങ്കിൽ കൂടി.

എല്ലാവരും ത്രീപീസ് സ്യൂട്ടും ടൈയും ധരിക്കുന്ന അമേരിക്കയിൽ നസ്രാണികൾക്കിടയിൽ അദ്ദേഹം ഒരു വൈദികനെന്നതിലുപരി ആദരണീയനല്ലായിരിക്കാം.

അതും അദ്ദേഹത്തിന്റെ ആഴം അറിയാത്തതുകൊണ്ടുതന്നെ.

നമ്മുടെ വൈദികസെമിനാരിക്കോ, പബ്ളിക്കേഷൻ ഡിപ്പാർട്ടുമെൻറിനോ അദ്ദേഹത്തിന്റെ സേവനം ലഭിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചുപോകുന്നു.

ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, റവ. ഡോ. വി. സി. ശാമുവേൽ, റവ. ഡോ. കെ. എം. ജോർജ് ഈ നിരകളിൽതന്നെയാണ് റവ. ഡോ. കുര്യൻ തോട്ടപ്പുറവും. നമ്മുടെ സഭ അദ്ദേഹത്തെ എടുത്തുപയോഗിക്കുമെങ്കിൽ.

(തുടരും)

# Churches in Solidarity With...

1—ാം പേജിൽനിന്നും തുടർച്ച

women themselves. Recently I had been to my paternal parish church for worship. The women had assembled for their regular meeting after sunday worship. I spoke to them about the "Decade" and the reforms our Church has implemented in reducing the gap of discrimination between males and females. The reaction of the women group though fairly educated was most unwelcome. They even thought these reforms would "decay" the church. Some of them even mockingly reacted by expressing that "at this rate women will demand priesthood and bishophood!" I told them that these restrictions are lifted not because of any mass demand from the church women. We have brought these discriminations to the notice of the authorities and they under stood it in the real spirit and lifted it. I also assured them that we are not going to demand priesthood for women. After much explanations onlyone mother was willing to send her teenage daughter to read the Bible during the Sunday service. The majority of the Orthodox women feel that playing active roles in the church and its affairs are the duty of only men. This feeling was fostered and nurished by tradition. I am prompted to say that the majority of Orthodox women are not seasoned to accept major changes in their existing status. Here I would like to recall that the American Orthodox Church excludes women for communion during her periods (Verna Harrison in the Orthodox Church monthly of America). In India though the church do not exclude women for communion during her periods. Women generally avoid communion or even going to church during this time.

**4 The women outside the Church:**

The Orthodox woman feels that she is under the protective blessing of the Lord inside the Church. But her problems and conflicts outside the church is akin to anyother woman in India-a developing country. Country to country these problems and conflicts assertain different dimensions. Again the prombles and conflicts to be faced by the different social and economic strata would also be different. For eg. when an affluent member of the Orthodox community ponders about the type of jewellery to adorn the daughter at the wedding, the middle or a lower strata member may be pondering how he will be making the money for the wedding of the daughter. Further elaborations do not appear to be necessary.

**5 General problems faced by the women:**

The problems faced by the women originate from the following factors:

i) her birth in a particular religion,
region, sector denomination.

ii) The laws of the state.

iii) The socio-economic situations in the country.

The Syrian Christian women (Orthodox, Marthomite, Jacobite, Church of South India in certain areas) are victims of clauses (i) & (ii) cited above. 'She does not have equal rights to the paternal assets. Law has reduced and restricted 'her' rights over her fathers properties when compared with her brother's share, ie. she does not have equal rights as her brother. This restriction is not existant on other Christians like the Latin Catholics and Church of South India is some regions of the state. Though the Church is not directly responsible for this discrimination but it appears that it is not so agreeable to change it. Under socio-economic situation comes, underemployment, unemployment, cruelty, tyrany, unequal wages for same type of work etc. The dowery system though prohibited by law is reaching exhorbitant hights. Here also the church has not actually come to the forefront to fight the evils of dowery system.

All these situations make the life of the majority of women below the affluent strata of society very hard. Women's problems are common to women irrespective of the community demarcations. Now and then the governments come forward with some kind of conceliatory legislation to protect women. For eg. Tamil Nadu the neigbouring state of Kerala (My state) has this week passed a low reserving 30% of the jobs under that State Government to women.

**6. My Programme during the 'Decade'**

i) SOCIO ECONOMIC SURVEY AND ASPIRATIONAL STUDY

Although the Orthodox Church has not officially inaugurated the women's Decade it has responded promptly to the 'Decade' by lifting the discriminations against the female baby at the time of Baptism which I have mentioned earlier and permitted girls to read the Bible during the Sunday worship. Encouraged by this positive reactions of the Church, I am prompted to place before it to conduct a parish by parish socio-economic survey of the Orthodox families and the Aspirational Study of its youth. Such a survey will give an overall socio-economic position of the Orthodox Church Congregation. The survey naturally have to lead to drafting of development plans for the members of the Orthodox Church keeping in view the requirements of the weaker and the marginalised sections including women. The Aspirational Study of youth is intended to codify their aspirations as member of the church as well as the member of the community outside the church. Youth will include young men and women between the age group 15-35. This group of young men and women are the successors to the leadership in the church. So it is essential to codify their aspirations to have a clear vision for the future.

ii) A national seminar of Orthodox Women in India.

A seminar or convention of the Orthodox Women in India to be convened by

(ശേഷം 4-ാം പേജിൽ)

# ഗീവർഗീസ് ദ്വിതീയൻ സ്മരണകൾ

## ഗുരുവിന്റെ വഴികളിൽ

### ടി. സി. ഗീവർഗീസ് കോർ എപ്പിസ്ക്കോപ്പാ

പ. ഗീവർഗീസ് ദ്വിതീയൻ ബാവാ മെത്രാച്ചനായിരിക്കുമ്പോഴാണ് ഞാൻ അദ്ദേഹത്തിന്റെയടുത്തെത്തുന്നത്. അന്ന് മെത്രാച്ചൻ കുണ്ടറ സെമിനാരിയിൽ താമസമാണ്. മെത്രാച്ചന്റെ സെക്രട്ടറി സ്ഥാനത്തേക്ക് എന്റെ ചിററപ്പൻ പാലമൂട്ടിലച്ചനാണ് എന്നെ അവിടേക്കു വിട്ടത്. ഞാൻ അവിടെ ചെന്നതിനുശേഷം കലഞ്ഞൂർ വയലിറക്കത്ത് അലക്സാണ്ടർ ശെമ്മാശന് കശ്ശീശാ പട്ടം കൊടുക്കാൻ തിരുമനസ്സിനോടൊപ്പം പോയി. വി. മാതാവിന്റെ പുകഴ്ചപ്പെരുന്നാൾദിവസമാണ് അച്ചന് കശ്ശീശാ പട്ടം കൊടുത്തത്. പട്ടം കൊടുക്കുന്ന സമയത്ത് പരിശുദ്ധാത്മാവിനെ ഇറക്കുന്ന അവസരത്തിൽ ഞാൻ മദ്ബഹായുടെ കിഴക്കുവശത്ത് ഏതോ ആവശ്യത്തിന് പോയിനിന്നു. അപ്പോൾ പ. ബാവാ തിരുമേനിയുടെ മുഖം പ്രകാശിച്ചിരിക്കുന്നത് കണ്ടു! ഞാൻ വളരെ പരിഭ്രമിച്ചു; ആദ്യമായിട്ടായിരുന്നു ഇങ്ങനെയൊരു കാഴ്ച ഞാൻ കാണുന്നത്; ഞാൻ കരഞ്ഞുപോയി. ആ അത്ഭുതസംഭവം ഇന്നെന്നപോലെ ഞാൻ ഓർമ്മിക്കുന്നു.

അതിനുശേഷം പത്തനാപുരത്ത് ഇന്നു ദയറാ ഇരിക്കുന്ന സ്ഥലത്ത് ഒരു സ്വീകരണത്തിൽ സംബന്ധിച്ചതിനുശേഷം കുണ്ടറ സെമിനാരിയിൽ മടങ്ങിയെത്തി. യൽദോയുടെ ക്രമം ഞാൻ നന്നായി പഠിച്ചിരുന്നതിനാൽ തിരുമേനി എനിക്ക് ഒരു ആണ്ടുതക്സായും ആനീദായും സമ്മാനമായി തന്നു. അക്കാലത്ത് പുസ്തകങ്ങൾ സുലഭമല്ലായിരുന്നു.

പ. ബാവാ തിരുമനസ്സ് മിക്കദിവസങ്ങളിലും വി. കുർബ്ബാന അർപ്പിക്കുമായിരുന്നു. അത് പരിശുദ്ധന്മാരെ ഓർക്കുന്ന ദിവസങ്ങളിലായിരിക്കും.

ഒരിക്കൽ ഞാൻ ചോദിച്ചു 'നമുക്ക് എല്ലാ ദിവസവും കുർബ്ബാന ഉണ്ടോ?'

അപ്പോൾ അദ്ദേഹം പറഞ്ഞു, 'പരിശുദ്ധന്മാരെ ഓർക്കുവാൻ ദയറായക്കാർ എല്ലാ ദിവസവും കുർബാന ചൊല്ലണം. മററുള്ളവർ മാറാനാ പെരുന്നാളുകളിലും ഞായറാഴ്ചകളിലും കുർബാനയിൽ സംബന്ധിച്ചാൽ മതി. ദയറായാ കാര്യസ്ഥാരുടെ കാര്യമാണ് സഭയ്ക്കുവേണ്ടിയും പരിശുദ്ധന്മാർക്കുവേണ്ടിയും കുർബാന ചൊല്ലുക എന്നത്''.

കുർബാന ഇല്ലാത്ത ദിവസങ്ങളിൽ നമസ്കാരം കഴിഞ്ഞ് പ്രഭാതകൃത്യങ്ങൾക്കുശേഷം അദ്ദേഹം ഒരു പുസ്തകം എടുത്ത് വായിക്കുമായിരുന്നു. സുറിയാനിപുസ്തകങ്ങളാണ് വായിക്കാറുണ്ടായിരുന്നത്.

തുടർന്ന് കാപ്പി കുടിച്ചതിനുശേഷം അല്പസമയം വിശ്രമിക്കും. പിന്നീട് ഉച്ചനമസ്കാരത്തിനുശേഷം അല്പനേരംകൂടി വിശ്രമിക്കും.

യാമംതോറുമുള്ള പ്രാർത്ഥന ഒരിക്കലും മുടക്കുകയില്ല. പാതിരാത്രിക്ക് കൃത്യസമയത്ത് അദ്ദേഹം എഴുന്നേൽക്കും. ഞാൻ അദ്ദേഹത്തിന്റെ മുറിയിൽത്തന്നെയായിരുന്നു കിടന്നിരുന്നത്. എന്നാൽ എന്നെ വിളിക്കുമായിരുന്നില്ല. സ്വയം തീപ്പെട്ടി എടുത്ത് വിളക്കു കത്തിച്ചശേഷം കസേരയിൽ ഇരുന്ന് കുറെനേരം പുസ്തകം വായിക്കും. പിന്നീട് എഴുന്നേററുനിന്ന് കൈകളുയർത്തിനിന്നുകൊണ്ടാണ് പ്രാർത്ഥിക്കുന്നത്. അത് പന്ത്രണ്ടര മണിക്ക് തുടങ്ങിയാൽ മൂന്നു മണിവരെ ആ നിലയിൽനിന്ന് പ്രാർത്ഥിക്കുമായിരുന്നു.

പ: തിരുമേനി പ്രാർത്ഥിക്കുവാൻ നിൽക്കുമ്പോഴൊക്കെ ഞാനും എഴുന്നേററ് അദ്ദേഹത്തിന്റെ പുറകിൽ നിൽക്കുമായിരുന്നു. എന്നാൽ അദ്ദേഹം തിരിഞ്ഞുനോക്കുമായിരുന്നില്ലാത്തതിനാൽ അതറിഞ്ഞിട്ടില്ല.

ഒരു ദിവസം പതിവുപോലെ പാതിരാത്രി പ്രാർത്ഥനയുടെസമയത്ത് അവിചാരിതമായി അദ്ദേഹം തിരിഞ്ഞുനോക്കി. എന്നെ കണ്ടു എന്നോടുപറഞ്ഞു.

'താൻ പോയിക്കിടന്നുറങ്ങിക്കോ'. ഞാൻ അടുത്ത മുറിയിൽ പോയി കിടന്നു. എങ്കിലും എനിക്കുറങ്ങാൻ കഴിഞ്ഞില്ല. മൂന്നുമണി കഴിഞ്ഞപ്പോൾ തിരുമേനി വന്ന് കിടന്നു.

വീണ്ടും നാലരയാകുമ്പോൾ ഉണരും. പ്രാർത്ഥനയും കുർബ്ബാനയുമുണ്ടെങ്കിൽ ആറുമണിയാകുമ്പോൾ പ്രാർത്ഥന കഴിയും. കുർബ്ബാന ഇല്ലാത്ത ദിവസങ്ങളിൽ അഞ്ചു മണിയാകുമ്പോഴാണ് എഴുന്നേൽക്കുക. പതിവുപോലെ എല്ലാ ക്രമങ്ങളും നടത്തും.

ഭക്ഷണകാര്യങ്ങളിൽ അദ്ദേഹത്തിന് നിർബന്ധമൊന്നുമില്ലായിരുന്നു. അക്കാലത്ത് ഭക്ഷണവിഭവങ്ങൾ ലഭിക്കാൻ പ്രയാസമായിരുന്നു. നെൽപ്പിരിവുകൊണ്ടാണ് ചിലവു നടത്തിയിരുന്നത്.


ആരു വന്നാലും അവർക്ക് കൊടുക്കണം എന്ന് പ: തിരുമേനിക്ക് നിർബന്ധമായിരുന്നു. ധർമ്മക്കാർ വന്നാലും അവർക്കു ധർമ്മം കൊടുക്കും. എങ്ങനെയെങ്കിലും അതിനുള്ള പണം കരുതിവെച്ചിരിക്കും.

തിരുവനന്തപുരത്തു ജോലിയുള്ള ഉദ്യോഗസ്ഥന്മാർ തീവണ്ടി കയറുവാൻ കുണ്ടറയിൽ വരുമ്പോൾ സമയമുണ്ടെങ്കിൽ തിരുമേനിയെ സന്ദർശിച്ചിട്ടേ പോകുമായിരുന്നുള്ളു. ആരെങ്കിലും വന്നാൽ ഉടനെ കാപ്പി കൊടുക്കണമെന്ന് പറയും. അക്കാലത്ത് പണത്തിന് വളരെ ബുദ്ധിമുട്ടായിരുന്നുവെങ്കിലും മാനേജരച്ചൻ പലപ്പോഴും അവർക്കൊക്കെ കാപ്പി കൊടുക്കാനാവാതെ വിഷമിച്ചിട്ടുണ്ട്.

അങ്ങനെ സന്ദർശകരെല്ലാം അവിടത്തെ പ്രയാസങ്ങൾ കണ്ട് തിരുവനന്തപുരത്തെ പള്ളിക്കാർ പൊതുയോഗം കൂടി 500 രൂപ പിരിച്ചെടുത്ത് തിരുമേനിക്ക് കാഴ്ച വെച്ചു. ആ പണം അരമന ചിലവിനാണെന്ന് അവർ തീർത്തു പറയുകയും ചെയ്തു. പിറേറന്ന് തിരുമേനിയുടെ നിർദ്ദേശപ്രകാരം കളിയിക്കാട്ടിൽ അച്ചന്റെ ബാങ്കിൽ പണം നിക്ഷേപിച്ചു.

തിരുവനന്തപുരം പള്ളിയുടെ ജൂബിലി നടത്തുവാൻ നിശ്ചയിച്ചു. ജൂബിലി ആഘോഷങ്ങൾക്ക് അദ്ധ്യക്ഷനായി നിശ്ചയിച്ചിരുന്നത് വട്ടശ്ശേരിൽ തിരുമേനിയേയായിരുന്നു; പ്രസംഗകനായി ബഥനിയിലെ ഈവാനിയോസ് തിരുമേനിയേയും. എന്നാൽ ജൂബിലി ദിവസം രണ്ടു പേർക്കും എത്തുവാൻ സാധിക്കില്ല എന്നറിയിച്ചു. ഒടുവിൽ പ: തിരുമേനി പ്രസംഗിക്കണം എന്ന് തിരുവനന്തപുരം പള്ളി അസിസ്റ്റന്റ് വികാരി ചെറിയ മഠത്തിൽ സഖറിയ അച്ചന്റെ അഭ്യർത്ഥനയനുസരിച്ച് അദ്ദേഹം പ്രസംഗിക്കാമെന്ന് സമ്മതിച്ചു.

ജൂബിലി സമ്മേളനത്തിന് നാനാജാതിമതസ്ഥരായ നേതാക്കന്മാരെയും ഉന്നതോദ്യോഗസ്ഥന്മാരേയും ക്ഷണിച്ചിട്ടുണ്ടായിരുന്നു. അതുപോലെ നമ്മുടെ സഭയിലെ ജോൺ വക്കീൽ, ഒ. എം. ചെറിയാൻ, പത്രോസ് മത്തായി, ഇ. ജെ. ഫീലിപ്പോസ് തുടങ്ങിയ പ്രമുഖന്മാരേയും ക്ഷണിച്ചിരുന്നു. അങ്ങനെയുള്ള ഒരു മഹാസദസ്സിന്റെ മുമ്പിൽ എന്താണ് പ്രസംഗിക്കേണ്ടതെന്ന് തിരുമേനി വിഷമിച്ചു. എങ്കിലും അവസാനം പറഞ്ഞു, 'ദൈവംതരുന്ന വചനങ്ങൾ സഭയിൽ ഉദ്ഘോഷിക്കും. അതല്ലാതെ എനിക്ക് പ്രത്യേകിച്ചൊന്നും പറ



ടി. സി. ഗീവർഗീസ് കോർ എപ്പിസ്കോപ്പാ

യാനില്ല.' പിന്നീട് സമയമായപ്പോൾ മീററിംഗിൽ പോയി പ്രസംഗിച്ചു.

ആ പ്രസംഗംകേട്ട് ജനങ്ങൾ അത്ഭുതപ്പെട്ടുപോയി. അന്യമതസ്ഥരായ ആളുകൾ ഈ മുനിയാര് ? ഇദ്ദേഹത്തെ ഇതിനുമുമ്പ് കണ്ടിട്ടില്ലല്ലോ ആ പ്രസംഗം ഗംഭീരമായിരിക്കുന്നല്ലോ? ആ ശബ്ദം ഒന്നുകൂടി കേൾക്കാൻ കൊതിയാകുന്നു. എന്നൊക്കെ നാനാജാതി മതസ്ഥരായ ആളുകൾ പറയുന്നത് കേട്ടു.

ആ കാലഘട്ടത്തിൽ ബഥനിയിലെ ഈവാനിയോസ് മെത്രാച്ചൻ എന്നെ റീത്തിൽ ചേരുവാൻവേണ്ടി നിർബന്ധിച്ചു. എന്നാൽ ഞാനതു് സ്നേഹപൂർവം നിരസിക്കുകയായിരുന്നു.

നേരത്തെ ഞാൻ ബഥനിയിൽ ചേരുവാൻ തീരുമാനിച്ചതായിരുന്നു. എന്നാൽ പ: ബാവാ തിരുമനസ്സിനോടൊപ്പം പോയതിനുശേഷം എനിക്ക് മററാരോടൊപ്പവും പോകുവാൻ താത്പര്യം തോന്നിയില്ല. തിരുമേനി എന്നോട് തമാശയായി ചോദിക്കുമായിരുന്നു. 'എന്താടോ നമുക്ക് കത്തോലിക്കാ സഭയിൽ പോയാലെന്താ?' അപ്പോൾ ഞാൻ പറയും, 'തിരുമേനി പോകുവാണെങ്കിൽ ഞാനും വരാം'.

അപ്പോഴദ്ദേഹം ചോദിച്ചു.

'ഒരാളിനെ നോക്കിയാണോ താൻ നിൽക്കുന്നത്?'

ഞാൻ പറഞ്ഞു.

'ഇപ്പോൾ ഞാൻ തിരുമേനിയെ നോക്കിയാണ് നിൽക്കുന്നത്; വേറെയാരേയും നോക്കാനില്ല. ഈവാനിയോസ് മെത്രാച്ചനോടായിരുന്നു എനിക്കേററവും പ്രിയം. അദ്ദേഹത്തോടൊപ്പം പോകാനായിരുന്നു എനിക്കേററവും പ്രിയം. പക്ഷെ തിരുമേനിയുടെകൂടെ വന്നതിൽപ്പിന്നെ എനിക്ക് മററാരുടെകൂടേം പോകുന്നതിന് ഇഷ്ടമില്ല.'

അതു് കേട്ടുകഴിയുമ്പോൾ അദ്ദേഹം പറയും 'എടോ സഭ യോജിക്കും....ഈ സഭ യോജിക്കും'. കൂടാതെ 'പാത്രിയർക്കീസ് ഇവിടെ വരും. പാത്രിയർക്കീസ് മലങ്കരയാകും' എന്നും അദ്ദേഹം ഉറപ്പിച്ച് പറയുമായിരുന്നു. ഏതായാലും അദ്ദേഹത്തിന്റെ കാലത്തുതന്നെ അതൊക്കെ സംഭവിച്ചു.

എന്റെ വിവാഹം നടന്ന വർഷം ഇവിടത്തെ പള്ളിയിൽ തിരുമേനിയായിരുന്നു ഹാശാആഴ്ചത്തെ ശുശ്രൂഷകൾ നടത്തിയതു്. പുതുഞായറാഴ്ചയായിരുന്നു എന്റെ വിവാഹം നിശ്ചയിച്ചിരുന്നതു്. അതുകൂടി കഴിഞ്ഞിട്ട് കുണ്ടറയ്ക്ക് മടങ്ങാനായിരുന്നു തിരുമേനി നിശ്ചയിച്ചിരുന്നതു്.

എന്നാൽ ആയിടയ്ക്കാണ് വാകത്താനത്തു ബാവായെ കാതോലിക്കാ ആയി അഭിഷേകം ചെയ്യുവാൻ തീരുമാനിച്ചിരുന്നതു്. അതിന്റെ ഒരുക്കങ്ങൾക്കായി തിരുമേനി നോമ്പുവീടുന്ന അന്നുതന്നെ നിരണത്തെത്തണമെന്ന് വട്ടശ്ശേരി തിരുമേനി കല്പന കൊടുത്തയച്ചു.

അപ്പോൾ ബാവാ എന്നോടു ചോദിച്ചു.

'എന്തു ചെയ്യണമെടോ?'

വിവാഹശുശ്രൂഷ രണ്ടുപ്രാവശ്യമായിട്ട് നടത്താമെന്ന് തിരുമേനി എന്നെ പഠിപ്പിച്ചപ്പോൾ കല്പിച്ചിട്ട് അതായതു് മോതിരം വാഴ്വിന്റെ ശുശ്രൂഷ ഒത്തുകല്യാണമായി നടത്താം. അതനുസരിച്ച് ഞാൻ തിരുമേനിയോടു പറഞ്ഞു.

'നോമ്പു വീടുന്ന ദിവസം തിരുമേനി എന്റെ ഒത്തുകല്യാണം നടത്തിയാൽ മതി.

എന്റെ ഭാര്യയുടെ വീട് പള്ളിയുടെ അടുത്തായിരുന്നു. കുർബ്ബാന കഴിഞ്ഞ് മോതിരം വാഴ്വിന്റെ ശുശ്രൂഷ നടത്തിയശേഷമാണ് അദ്ദേഹം പോയതു്.

പ. തിരുമനസ്സിന് സാധുക്കളോട് വലിയ ദീനാനുകമ്പയുള്ളവനായിരുന്നു. ഇവിടെ വരുമ്പോൾ പാവങ്ങൾ വന്ന്, അദ്ദേഹം അവരുടെ വീടുകളിൽ ചെന്ന് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കും. അദ്ദേഹം ആ വീടുകളിലൊക്കെപോയി പ്രാർത്ഥിക്കും. പണക്കാരാണെങ്കിൽ അദ്ദേഹംപറയും അച്ചന്മാർ പോയി പ്രാർത്ഥിച്ചാൽ മതിയെന്ന്.

പാവങ്ങളെയാണ് ദൈവം കൂടുതൽ സ്നേഹിക്കുന്നതെന്നും, രോഗികളെയൊക്കെ സുഖപ്പെടുത്തുന്നതെന്നും പറഞ്ഞു് അദ്ദേഹം പാവങ്ങൾക്കായിട്ടും രോഗികൾക്കായിട്ടും പ്രാർത്ഥി

(ശേഷം 6-ാം പേജിൽ)

## Churches in...

(3-ാം പേജിൽനിന്നും തുടർച്ച)

an appropriate agency is also envisaged during 1989–91.

**7 Present activities in connection with the 'Decade' by the Womens Wing of the Kerala Council of Churches:**

(i) Publication of a quarterly 'Womens Decade Bulletin' in 'Malayalam' the regional language.

ii) Organising periodical seminars and workshops of Cartoonists, poster designers and artists to induce them to produce works of art to arose positive appeal by the general public on the women's issues in place of creations mocking at the womens issues.

iii) Conducting conferences, seminars and workshops of women and youth to make them aware of their individuality and to develop their talents to make the church a living community of men and women and to elimniate the discriminatory practices against women. (A copy of the pages covering the activities of the Womens Commissions including in the report of the Kerala Council of Churches is enclosed)

(ശേഷം 5-ാം പേജിൽ)

# മാർത്തോമ്മാ പൈതൃകം

# തൊട്ടറിയാൻ ഒരു ദിവ്യബോധനം

## കഴിഞ്ഞലക്കം തുടർച്ച

രണ്ടാം റാങ്ക് കരസ്ഥമാക്കിയ എസ്. കെ. അട്ടർ:

'ഓർത്തഡോക്സ് സഭാംഗമായ ഞാൻ വി. സഭയുടെ വിശുദ്ധിയും, വിശ്വാസവും, പക്വതയും, വളർച്ചയും ഗ്രഹിച്ചതു് ദിവ്യബോധനം വഴിയാണ്. ഇതര സഭകളുടെയും ഓർത്തഡോക്സ് സഭയുടെയും വിശ്വാസപാരമ്പര്യങ്ങളുടെ യാഥാർത്ഥ്യം അറിഞ്ഞപ്പോൾ ഓർത്തഡോക്സ് സഭയിലെ ഒരംഗമായി ജീവിക്കുവാൻ ദൈവം എനിക്കു തന്നിട്ടുള്ള സൗജന്യത്തെ സ്തുതിക്കുകയും അഭിമാനം കൊള്ളുകയും ചെയ്യുന്നു. യേശുക്രിസ്തു തന്റെ പിതാവിൽനിന്നും ലഭിക്കുന്ന സ്നേഹവും സന്ദേശങ്ങളും പരിശുദ്ധത്മാവിൽക്കൂടി വ്യാപരിപ്പിച്ച് മനുഷ്യവർഗ്ഗത്തെ രക്ഷയിലേയ്ക്കു വഴിനടത്തുന്നുണ്ടെന്നു ദിവ്യബോധനംവഴി ഞാൻ പഠിച്ചതിനാൽ ഈ സത്യം മററുള്ളവരെയും അറിയിക്കുവാൻ ഒരുക്കമുള്ളവനായി തീർന്നിരിക്കുന്നു'.

ഡിപ്ളോമാ കോഴ്സ് പൂർത്തിയാക്കിയ വൈദിക സെമിനാരി സ്പെഷ്യൽ കോഴ്സ് വിദ്യാർത്ഥി എസ്. തങ്കച്ചൻ:

ഓർത്തഡോക്സ് വിശ്വാസത്തെക്കുറിച്ചും ആരാധനയെക്കുറിച്ചും സാമാന്യമായ അറിവു ലഭിച്ചിട്ടുള്ളവർക്കു് ആയതിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനുള്ള പാത തെളിയിക്കലാണ് ദിവ്യബോധന പാഠ്യപദ്ധതിയിലൂടെ നിർവഹിക്കപ്പെടുന്നതു്. സാമാന്യം വിദ്യാഭ്യാസം നേടിയിട്ടുള്ള ആർക്കും ഗ്രഹിക്കാവുന്ന തരത്തിൽ വേദപുസ്തകസത്യങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തിരിക്കുന്നു വെന്നതും പ്രത്യേകതയാണ്.

പത്തനാപുരം മഠാംഗമായ സിസ്റ്റർ ഏലിശ്ബാ:

ദൈവവചനമെന്ന മായമില്ലാത്ത പാൽ കുടിച്ച് ശക്തി ആർജിച്ചുകൊണ്ട് സത്യവിശ്വാസമാകുന്ന പാതയിലൂടെ വഴി നടത്തുന്ന ദിവ്യപ്രകാശമാണ് ദിവ്യബോധനഗ്രന്ഥങ്ങൾ എല്ലാം. ഓർത്തഡോക്സ് സഭയുടെ പാരമ്പര്യം, വിശ്വാസം, ആരാധന, കൂദാശകൾ, സഭയുടെ വളർച്ച തുടങ്ങിയ സർവപ്രധാനമായ കാര്യങ്ങളുടെ സംക്ഷിപ്തവിവരണമാണ് അതിൽ അടങ്ങിയിരിക്കുന്നതു്. ദൈവമനുഷ്യബന്ധം എന്തെന്നു 'ദൈവജനം' എന്ന ഗ്രന്ഥപഠനത്തിലൂടെ ദൃഢമാക്കിക്കൊണ്ട് 'വേദശാസ്ത്ര വീഥിയിലൂടെ' പാലായനം ചെയ്തു വിശ്വാസദീപ്തിയിലെത്തിച്ചേരുന്നു. അവിടെനിന്നും സത്യവിശ്വാസം കൈകളിലേന്തി കാറൽ മാർക്സിനോടും പോപ്പിന്റെ അപ്രമാദിത്വചിന്തയോടും പോരാടി സഭാ വളർച്ചയിലൂടെ ഓർത്തഡോക്സ് വിശ്വാസത്തിന്റെ കാതലിൽ കടന്നു 'ജീവിതപാതയിൽ' സഹോദരസ്നേഹം പൂർണമാക്കിക്കൊണ്ടു ദിവ്യപ്രകാശത്തിലേയ്ക്കു ചെന്നുചേരുമ്പോൾ 'അബ്ബാ പിതാവേ' എന്നു വിളിക്കുവാൻ യോഗ്യരാവുന്നു.

ഡിപ്ലോമാ ബിരുദധാരിയും ദിവ്യബോധനം അദ്ധ്യാപകനുമായ കെ. ജി. ഡാനിയേൽ:

'ആധുനിക ഭാരതസഭ' 'പ്രവാചക സന്ദേശങ്ങളും' അപ്പോസ്തോല പ്രബോധനങ്ങളും' ഉൾക്കൊണ്ടു ദൈവത്തെ 'ആത്മാവിലും സത്യത്തിലും' ആരാധിച്ച് 'നേർവഴിയിൽ' സത്യത്തിന്റെ 'സാക്ഷ്യപാതയിലൂടെ' തന്നെ അതിന്റെ മക്കളെ നയിച്ച് 'ധർമദീപ്തി' ചൊരിഞ്ഞുകൊണ്ടു 'ഭൂമിയിൽ പറുദീസാ' പണിയാനും അതുവഴി 'നിത്യജീവനിലെത്തിക്കാനുമുള്ള ദൗത്യം ദിവ്യബോധന പഠനപദ്ധതിയിലൂടെ പൂർണ്ണമായും നിർവഹിച്ചു എന്നു നിസ്സംശയം പറയാം'.

ബോംബേ മുള്ളനാട്ട് യൂണിററംഗമായ മിസ്സിസ് സാറാമ്മ തോമസ്:

'നമ്മുടെ വിശ്വാസങ്ങളും ആചാരങ്ങളും പ്രാരംഭത്തിൽ ലഭിക്കേണ്ടതു് മാതാപിതാക്കളിൽനിന്നും സൺഡേസ്കൂളിൽ നിന്നുമാണ്. എന്നാൽ പ്രൊട്ടസ്ററൻറു കുടുംബത്തിൽ ജനിച്ച് അതേ പാരമ്പര്യത്തിൽ വളന്ന ഞാൻ ഓർത്തഡോക്സ് സഭയിലേയ്ക്കുവന്നതു് വിവാഹത്തിനുശേഷമാണ്. ദിവ്യബോധനം പഠനം തുടങ്ങിയപ്പോൾ അതിയായ സന്തോഷത്തോടെ ചേർന്നു. ഓരോ പുസ്തകവും അതിയായ ആഗ്രഹത്തോടെ പഠിച്ചു. സഭാചരിത്രം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനകൾ എന്നിവയെക്കുറിച്ച് എന്നെപ്പോലുള്ളവർക്കു മനസ്സിലാക്കുവാൻ ഈ പദ്ധതി ഉപകരിക്കുന്നു.'

പി. യു. ഏബ്രഹാം മൈക്കാവിന്റെ അഭിപ്രായം ശ്രദ്ധേയമാണ്;

'സത്യവിശ്വാസികളായവർ അറിവില്ലാതെ ചത്തശവം മാതിരി കിടക്കുന്നതുകൊണ്ടു വേദവിപരീതികളായ കഴുകൻമാർ കൊത്തിപ്പറിക്കുന്നു. എന്നാൽ ദിവ്യബോധനംകൊണ്ട് സത്യവിശ്വാസിയായ എന്നെ ഇനി ഒരിക്കലും കഴുകന്മാർ കൊത്തിപ്പറിക്കില്ല. ദിവ്യബോധന പഠനംകൊണ്ടു നമ്മുടെ വിശ്വാസവും വേദശാസ്ത്രവും ഊതിക്കാച്ചിയ പൊന്നുപോലെ ആണ് എന്ന് എനിക്കു മനസ്സിലായി. ഓർത്തഡോക്സ് വിശ്വാസം എന്തെന്നു മററുള്ളവക്കു പറഞ്ഞുകൊടുക്കാൻ പ്രാപ്തനായി. മററു സമൂഹങ്ങളുടേതിൽനിന്ന് എന്താണു വ്യത്യാസം എന്നു പറയുവാനും പ്രാപ്തനായി. മലങ്കരയിലുള്ള നമ്മുടെ പള്ളികളിൽ ദിവ്യബോധനം നിർബന്ധമാക്കിയാൽ വളരെ നന്ന്. അതിനുവേണ്ട പ്രോത്സാഹനം സഭ നടത്തണം. പല വൈദികരും ശ്രമിക്കുന്നില്ലയെന്നു ഖേദത്തോടെ അറിയിക്കട്ടെ.'

ഒരു പുതിയ നൂററാണ്ടിലേയ്ക്കു കുതിക്കുന്ന സഭയുടെ വിശ്വാസസ്ഥിരതയുടെ അടിസ്ഥാനം ബലവത്താക്കുന്നതിനും സഭയുടെ ഭാവിപ്രവർത്തനത്തിന് അങ്ങോളമിങ്ങോളം വേണ്ട നേതൃത്വവും പ്രബോധനവും നല്കുവാൻ തക്കവണ്ണം സംഘടിക്കുന്നതിനും ത്യാഗബുദ്ധിയോടും കർമ്മനിരതയോടുംകൂടി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി ഒരുകൂട്ടം ആദ്ധ്യാത്മിക–അത്മായ പ്രവർത്തകരെക്കുറിച്ച് പ്രത്യാശിക്കാം. ശുഷ്ക്കമായിക്കൊണ്ടിരിക്കുന്ന അത്മായ നേതൃത്വം സഭയുടെ ആദ്ധ്യാത്മിക പ്രവർത്തനത്തിന് വിള്ളലേല്പിക്കുന്ന ഘടകമാണ്.

സഭയെ ആത്മാർത്ഥമായി സ്നേഹിക്കുകയും സഭയുടെ സ്വാതന്ത്ര്യത്തിനും സംരക്ഷണത്തിനുമായി ജീവൻപോലും ഹോമിക്കുവാൻ തയ്യാറായിനിന്ന അനേകം അത്മായനേതാക്കന്മാരെകൊണ്ട് മലങ്കര സുറിയാനി സഭ പുളകംകൊണ്ടിരുന്നു. എന്നാലിന്ന് സഭയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുവാൻ തങ്ങളെ തന്നെ സമർപ്പിച്ച അത്മായനേതാക്കന്മാർ കുറഞ്ഞുവരുന്നില്ലേ. പെന്തിക്കോസ്ത്–പ്രൊട്ടസ്റ്റൻറ് സഭാവിഭാഗക്കാർ ഓരോ ഇടവകകളിലും കയറിയിറങ്ങി വിശ്വാസികൾക്ക് വിരുദ്ധോപദേശങ്ങൾ നല്കി.

അനുദിനം അനേകരെ സഭയിൽനിന്ന് പിൻതിരിപ്പിക്കുന്നില്ലേ. ആദ്ധ്യാത്മികസംഘടനയുടെ നേതൃത്വത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും വേണ്ടത്ര പ്രവർത്തകരെ കിട്ടാതെ ഓരോ ഇടവകയും വിഷമിക്കുന്നില്ലേ. സഭാവിശ്വാസസത്യം എന്തെന്നറിയാതെ സഭയിൽ നിന്നകലുന്ന അനേകരില്ലേ—അതോ സഭയുടെ സമഗ്രമായ ആദ്ധ്യാത്മിക വളർച്ചയ്ക്കും വികസനത്തിനുമായി പൂർണ്ണമായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒരു പററം പ്രവർത്തകരായി ദിവ്യബോധനം സർട്ടിഫിക്കേററുകൾ കരസ്ഥമാക്കിയവർ രൂപപ്പെട്ടാൽ ഇന്ന് സഭയിൽ നിഴലിക്കുന്ന ആദ്ധ്യാത്മിക മരവിപ്പിനും, വരൾച്ചയ്ക്കും നീക്കമുണ്ടായി ആദ്ധ്യാത്മിക മാരിചൊരിഞ്ഞ് സഭയിൽ ആദ്ധ്യാത്മികോണർവ്വ് പരത്തുവാൻ നിഷ്പ്രയാസം കഴിയും. അതിനു് ദിവ്യബോധ പഠനം കൂടുതൽ കരുത്തേകട്ടെ.

കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ, ദിവ്യബോധനം, ഓർത്തഡോക്സ് സെമിനാരി, കോട്ടയം–1 എന്ന വിലാസത്തിൽ എഴുതുക.


## ഓർത്തഡോക്സ് ഹെറാൾഡ്

ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം— 60രൂപാ

രണ്ടുവർഷം—100രൂപാ

ചെക്കുകളും ഡ്രാഫ്റ്റുകളും 'H. H. Baselius Mar Thoma Mathews I എന്ന പേരിൽ ക്രോസ് ചെയ്ത് അയയ്ക്കുക. വരിസംഖ്യ പുതുക്കുന്നവർ രജിസ്റ്റർ നമ്പർ കൂടി കാണിച്ചിരിക്കണം.

വിലാസം

ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം അരമന
കോട്ടയം—686 038

Phone 0481-8234



**Advisory Board**

Patron
H. H. Baselius Marthoma Mathews I

President
H. G. Geevarghese Mar Ivanios

Fr. Mathai Vilanilathu,
Fr. P.C. Geevarghese(USA)
Fr. Zachariah Perangattu.
Mr. P. J. Koshy (Bombay)
Mr. M.A. Abraham(Madras)
Mr. M. G. George Muthoot (Delhi)
Mr. T. O. Jacob,
Mr. P. V. Job
Mr. P. P. Mathew
Mr. John Mathews
Mr. K. O. Kurian
Dr. K. P. Johny


# CHURCHES IN...

4—ാം പേജിൽനിന്നും തുടർച്ച

**8: A World Meet of Orthodox Women:**

A meeting of the Orthodox women attending the Generalbody of the W.C.C. in 1991 and the Orthodox women representatives at the different national councils of Churches could go a long way in moulding activities towards Women's issues. I fully acknowledge that the socio-economic standards and way of life of the East and the West differ very much. I would suggest that the W.C.C. take the initiative in this direction.

**9 Certain Questions Answered:**

While publishing my write up on the position of women in the Orthodox Church in India in the W.C C. Bulletin, cited in para 2, the Editor had also printed 5 posers in the box. I am answering these posers

Q. i) Do you still find discrimination against women in your church?

A. Yes. There are inequalities in the roles of men and women in the church administration and practices of my church. That difference in these roles have been carried down through the ages as a tradition of this church. Though viewing from outside one can say that this inequality is discrimination, the vast majority of the women do not at all feel it as a discrimination in the affairs of the church. They take it as Godly prescribed. In this article I have dealt with this subject in paras 2 and 4 and 7.

Q. ii) If so how does it manifest? A. I have dealt this also in para 2.

Q. iii) Who is trying to do something to change it? How?

A. The enlightened and the reformed among the clergy and laymen and women are trying to change it. My article was published in 1987. It mentioned the discrimination in the baptismal ceremony of the male and female child. Our Catholicos Metropolitans and the Synod understood it, discussed the issues and decided to remove it.

I have dealt this issue and its reaction in para 4.

Q. iv) What has been achieved during the last 10–15 years? During the last century?

A. a) The organisation of the Marthamariam Samajam (Women's Wing in the church) in 1930.

b) Inclusion of women also in the special theological studies in 1985 (only to enlighten their knowledge) termed as Divyabodhanam (Divine Learning);

c) The lifting of the inequalities at the baptismal ceremony of the male and female child;

d) Permission granted to girls to read the Bible during the Sunday worship; in 1988.

e) Appointment of a High Power Commission to study the status of women in the church in 1988,

are all examples of achievements in this century.

(തുടരും)

## പ്രാർത്ഥനാവലയം

2–ാം പേജിൽനിന്നും തുടർച്ച

മാർ കുറിയാക്കോസ് ആശ്രമം,
മൈലപ്രാ P. O. പത്തനംതിട്ട 689 671

രാവിലെ 6 മണിക്കും രാത്രി 9 മണിക്കും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി മുട്ടുകുത്തുമ്പോൾ, പരസ്പരം നമ്മുടെ ഭാരങ്ങൾ ദൈവമുൻപാകെ സ്തോത്രത്തോടെ അറിയിച്ച് സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം അനുഭവിക്കാം. (ഫിലി. 4:6) ഇടദിവസത്തെ രഹസ്യപ്രാർത്ഥനകൾ ഞായറാഴ്ചത്തെ പരസ്യാരാധനയ്ക്കുള്ള ഒരുക്കത്തിനുതകട്ടെ. നിങ്ങളുടെ ഇടവകപള്ളികളിലെ ആരാധനാ സമയം, നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി തരുന്ന ദൈവശബ്ദം ശ്രദ്ധിക്കാൻ ഒരുങ്ങാം.

പുതിയ പംക്തി ആരംഭിക്കുന്നു

# ‘ഇവരെ പരിചയപ്പെടുക ഇവരുടെ പ്രാർത്ഥനകളും’

കെ. ജോൺ മാത്യൂസ് തുമ്പമൺ

ദൈവവിശ്വാസിയുടെ ശക്തി ശ്രോതസ്സാണ് പ്രാർത്ഥന. ജഗത്പിതാവിന്റെ അനസ്യൂത കൃപാവരങ്ങൾക്കു വേണ്ടിയുള്ള യാചന പ്രാർത്ഥനകളിൽ അന്തർലീനമായിരിക്കുന്നു. ലഭിക്കും എന്ന വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയുടെ രണ്ടു പ്രധാന ഘടകങ്ങളാണ്‘ സമർപ്പണവും വിധേയത്വവും’. എന്റെ ഇഷ്ടമല്ല പിന്നെയോ നിന്റെ ഇഷ്ടം’ എന്നു് ഉദ്ഘോഷിക്കുവാൻ ജഗന്നിയന്താവിൽ പരിപൂർണ്ണ വിശ്വാസവും അവിടുത്തെ തീരുമാനം സമ്പൂർണ്ണ സമർപ്പണ ഭാവത്തോടു കൂടി സ്വീകരിക്കുവാൻ സന്മനസ്സും നമുക്ക് ആവശ്യമാണ്. അങ്ങനെയുള്ളവർ ‘ദൈവം പരിശുദ്ധനും, ബലമുള്ളവനും മരണമില്ലാത്തവനും’ എന്നു പൂർണ്ണമായി വിശ്വസിക്കുന്നു. വിശ്വസിക്കുന്നവൻ ദൈവത്തിന് വിധേയനാകുന്നു. വിധേയനാകുന്നവൻ ദൈവത്തോടു ബന്ധപ്പെടുന്നു. മനുഷ്യൻ ഉളവായിരിക്കുന്നതുതന്നെ ദൈവത്തോടുള്ള ബന്ധത്തിലാണ്. ബന്ധത്തിനുമാണ്. ആ ബന്ധം പൂർണ്ണമായി നിലനിർത്തിക്കൊണ്ടുള്ള പരിപൂർണ്ണക്കൂട്ടായ്മയാണ് പ്രാർത്ഥന.

ദൈവവുമായുള്ള ഞാൻ–നീ എന്ന ആളത്ത ബന്ധത്തിലും അധീനതയിലും, പങ്കാളിത്തത്തിലും വസിക്കുക എന്ന അതിമഹത്തായ സംസർഗ്ഗം ഫലവത്താകണമെങ്കിൽ മനുഷ്യനു് ദൈവത്തോടു വിധേയത്വം ഉണ്ടായിരിക്കണം. പുത്രനു് പിതാവിനോടും, ശിഷ്യനു് ഗുരുവിനോടും, ഭൃത്യനു് യജമാനനോടുമുള്ള വിധേയത്വത്തിന്റെ സംഗമരൂപമാണ് വിശ്വാസിക്ക് ദൈവത്തോടുള്ള വിധേയത്വത്തിൽ ദൃശ്യമാകുന്നതു്. ദൈവം നമ്മുടെ പിതാവും, ഗുരുവും, യജമാനനും, വഴികാട്ടിയുമാണ്.


സ്ഥലകാല ഭേദമനുസരിച്ച് മാററമില്ലാത്തവനായ ജഗത്പിതാവ് തലമുറ തലമുറയായി കുടുംബങ്ങളുടെ ആശാകേന്ദ്രമാണ്. സന്താനലാഭവും താമസസ്ഥലവും വാഗ്ദാനം ചെയ്യുകയും പ്രസ്തുത വാഗ്ദാനം വീഴ്ച വരുത്താതെ നിറവേററുകയും ചെയ്യുന്നതുകൂടാതെ ആപത്ഘട്ടങ്ങളിൽ കൈത്താങ്ങൽ നൽകി സംരക്ഷിക്കുകയും ചെയ്യുന്നവനാണ് ആ ജഗത്പിതാവ് എന്ന വിശ്വാസം മനുഷ്യനിൽ ദൈവാശ്രയ ബോധം ഉളവാക്കും.

നമ്മുടെ ‘പാറയും രക്ഷയും ദുർഗ്ഗവു’മെന്നു് നാം വിശ്വസിക്കുന്ന ദൈവത്തോടുള്ള ആശ്രയത്തിന്റെയും വൈയക്തിക ബന്ധത്തിന്റെയും മുഖാന്തിരമാണ് പ്രാർത്ഥന. അതിൽ നമ്മുടെ പരിദേവനങ്ങൾ കാണും. സ്തുതിഗീതങ്ങളും ഉൾക്കൊള്ളും. ഉള്ളിന്റെ ഉള്ളിൽ നിന്നു്, ആത്മാർത്ഥതയുടെ നിറകുമ്പിളിൽനിന്നു്, വേദനയുടെ തീച്ചൂളയിൽനിന്നു്, അനുതാപത്തിന്റെ നനവുള്ള ഹൃദയത്തിൽനിന്നു് ഉരുത്തിരിയുന്ന പ്രാർത്ഥനകൾ ജീവസ്സുററതും ഹൃദയദ്രവീകരണാത്മകവുമായിരിക്കും. വെറും അധരജല്പനം പ്രാർത്ഥനയാകുന്നില്ല.

—അടുത്തലക്കം

കായീന്റെ പ്രാർത്ഥന

## ഗീവർഗീസ് ദ്വിതീയൻ സ്മരണകൾ...




Yohannan Chacko
Texas




Jose P. Ouseph
Florida




Varghese George
Chicgao




Miss Meena Ninan
Georgia

ക്കാൻ അവരുടെ വീടുകളിൽ പോകും.

അദ്ദേഹം ഒരു ദാനശീലനായിരുന്നു. ആരുവന്നാലും അവർക്ക് ഭക്ഷണം കൊടുക്കണമെന്നു് നിർബന്ധമായിരുന്നു തിരുമേനി എന്നോടു പറയുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവിനു് ആയിരം പറ നിലമുണ്ടായിരുന്നു. സാധുക്കൾ ദിവസവും വള്ളത്തെ വന്നടുക്കുമ്പോൾ അമ്മ അവർക്കെല്ലാം ചോറു കൊടുക്കും.

തിരുമേനിയുടെ അമ്മ രോഗമായിക്കിടക്കുമ്പോൾ അദ്ദേഹത്തോടൊപ്പം ഞാൻ വീട്ടിൽ പോയിട്ടുണ്ട്. ആ അമ്മയ്ക്ക് മകനോടുള്ള സ്നേഹവും, മകനു് അമ്മയോടുള്ള സ്നേഹവും എത്രയെന്നു് പറഞ്ഞറിയിക്കാനാവാത്തതായിരുന്നു.

പ. പരുമല തിരുമേനിയുടെ ശിഷ്യനായിരുന്ന അദ്ദേഹം പറയുമായിരുന്നു.

‘പരുമല തിരുമേനി പറഞ്ഞതിൽനിന്നു് വ്യത്യസ്തമായി ഞാനൊന്നും ചെയ്യുകയില്ല.’

എവിടെപോയാലും ചുവന്നകുപ്പായവും മുടിയും ധരിച്ചേ പോകൂ. അല്ലെങ്കിൽ പരുമല തിരുമേനി കോപിക്കും എന്നാണദ്ദേഹം പറയുക.

ഞാൻ പ. തിരുമനസ്സിന്റെ കൂടെനിന്നു് മാറിയതിനുശേഷവും കൂടെക്കൂടെ അദ്ദേഹത്തെ കാണുവാൻ പോകുമായിരുന്നു. അദ്ദേഹം ബാവാ ആയിക്കഴിഞ്ഞപ്പോൾ ഞാൻ കാണാൻ കോട്ടയത്തും പോകുക പതിവായിരുന്നു. ചെല്ലാൻ താമസിച്ചാൽ അദ്ദേഹത്തിനു് പരിഭവമായിരുന്നു.

അദ്ദേഹത്തിനു് പ്രായാധിക്യംകൊണ്ടു് ക്ഷീണമായി. എന്റെ പിതാവിനു് അന്നു് 96 വയസ്സായിരുന്നു. അദ്ദേഹവും രോഗബാധിതനായി. തിരുമേനിക്ക് അദ്ദേഹത്തെ പരിചയമുണ്ടായിരുന്നു. അന്നൊക്കെ പ. തിരുമനസ്സിനെ കാണുവാൻചെല്ലുമ്പോഴൊക്കെ എന്റെ പിതാവിന്റെ വിവരങ്ങൾ തിരക്കുമായിരുന്നു.

എന്റെ പിതാവ് മരിച്ചുകഴിഞ്ഞപ്പോൾ ആ വിവരം പ. ബാവാ തിരുമേനി മയക്കം ഉണരുന്ന സമയത്തു് അറിയിക്കണം എന്നു് ഞാൻ പീലക്സിനോസ് തിരുമേനിയോടു അഭ്യർത്ഥിച്ചു. തിരുമേനി അതു് അദ്ദേഹത്തോടു പറഞ്ഞു. അതു കേട്ടയുടൻ ‘മെത്രാച്ചൻ പോയി അടക്കണം’ എന്നു് അദ്ദേഹം കല്പിച്ചു.

മൂന്നാംദിവസം കഴിഞ്ഞു് ഞാൻ പ: ബാവാ തിരുമനസ്സിനെ സന്ദർശിച്ചു. ഞാൻ ചെല്ലുമ്പോൾ അദ്ദേഹം മയങ്ങിക്കിടക്കുകയായിരുന്നു.

പെട്ടെന്നു് മയക്കം തെളിഞ്ഞു. ഞാൻ കൈമുത്തിയപ്പോൾ അദ്ദേഹം ചോദിച്ചു.

‘എപ്പോഴാണ് മരിച്ചതു്?’

എന്നാൽ തിരുമേനിചോദിച്ചതു് ആരെപ്പററിയാണെന്നു് എനിക്കു് തിരിഞ്ഞില്ല. ഉടൻ ഡ്രൈവർ തോമസ് പറഞ്ഞു ‘തിരുമേനി ചോദിച്ചതു് അച്ചന്റെ അപ്പൻ മരിച്ചതു് എപ്പോഴാണെന്നാണ്’’

ഞാൻ തിരുമേനിയോടു പറഞ്ഞു.

‘നോമ്പു വീടിയ ദിവസം ആറുമണിക്കു്’’.

പിറേറന്നു വി. കുർബാന ചൊല്ലേണ്ടിയിരുന്നതിനാൽ ഞാൻ മടങ്ങിപ്പോന്നു. ആ രാത്രിയിൽ പ: ബാവാ തിരുമേനി കാലംചെയ്തു.

അദ്ദേഹം നേരത്തെ കണ്ടറവച്ചുതന്നെ എന്നോടു പറയുമായിരുന്നു, ‘‘ഞാൻ മരിക്കുമ്പോൾ പരുമലതിരുമേനിയുടെ കാപ്പയിട്ടുവേണം എന്നെ അടക്കാൻ’’ ‘അതനുസരിച്ച് പ: പരുമലതിരുമേനിയുടെ കാപ്പയിട്ടാണ് ബാവാ തിരുമേനിയെ കബറടക്കിയതു്.

ബാവാ തിരുമേനി കാലം ചെയ്തു കഴിഞ്ഞു് ഞാനദ്ദേഹത്തെ സ്വപ്നത്തിൽ കാണുമായിരുന്നു.

കഴിഞ്ഞവർഷം രോഗം വല്ലാതെ വർദ്ധിച്ച അവസരത്തിൽ ഒരു രാത്രിയിൽ ഞാൻ പ: തിരുമനസ്സിനെ സ്വപ്നം കണ്ടു. അദ്ദേഹം എന്നോടു പറഞ്ഞു.

‘തനിക്കു് ആയുസ്സ് തികഞ്ഞു സ്വല്പംകൂടി നീട്ടിത്തന്നിരിക്കുകയാണ്.’

പിറേറന്നു രണ്ടു ഡോക്ടർമാർ എന്നെവന്നു പരിശോധിച്ചശേഷം പറഞ്ഞു

‘അച്ചനു് യാതൊരു കുഴപ്പവുമില്ല. ഇനിയും ഒരു പതിനഞ്ചു വർഷംകൂടി ജീവിച്ചിരിക്കും.’

രണ്ടാഴ്ച കഴിഞ്ഞു് ഞാൻ പള്ളിയിൽ ചെന്നപ്പോൾ എന്റെ പുറംകുപ്പായം ചിതൽ തിന്നിരിക്കുന്നതായി ഞാനറിഞ്ഞു. വളരെ ഭദ്രമായി സൂക്ഷിച്ചിരുന്ന കുപ്പായമായിരുന്നു. പള്ളിയിലെ ശുശ്രൂഷകൻ വല്ലാതെ പരിഭ്രമിച്ചുനിൽക്കുകയായിരുന്നു. ഞാൻ അയാളെ സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു.

‘ഞാൻ മരിച്ച് ചിതലെടുക്കേണ്ട സമയമായി എന്നാൽ ഞാൻ മരിക്കാഞ്ഞതിനാൽ എനിക്കു പകരം എന്റെ കുപ്പായം ചിതൽതിന്നുവെന്നേയുള്ളൂ.’

പിന്നീടും പല അവസരങ്ങളിലും സ്വപ്നത്തിൽ അദ്ദേഹത്തെ ദർശിക്കുവാനുള്ള ഭാഗ്യം എനിക്കു് സിദ്ധിച്ചിട്ടുണ്ടു്. പള്ളിക്കാര്യങ്ങൾ സംബന്ധിച്ച് പ്രശ്നങ്ങളുണ്ടാകുമ്പോഴൊക്കെ സ്വപ്നത്തിൽ പ്രത്യക്ഷനായി എന്നെ സമാധാനിപ്പിക്കാറുണ്ടു്.

‘താൻ ഒന്നുകൊണ്ടും ഭയപ്പെടേണ്ട’.

അദ്ദേഹത്തെ നേരിട്ടുകാണുവാൻ കഴിയുന്നില്ലെങ്കിലും അവിടുന്നു് എപ്പോഴും എന്റെ കൂടെയുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു.

ചാലിൽ അച്ചൻ എന്നറിയപ്പെടുന്ന വെരി. റവ. ടി. സി. ഗീവർഗീസ് കോർ എപ്പിസ്കോപ്പായുമായി ഹെറാൾഡ് സബ് എഡിററർ ജോൺ കക്കാട്ട് പത്തനംതിട്ടയിലുള്ള കോർ എപ്പിസ്കോപ്പായുടെ വസതിയിൽ വച്ചു നടത്തിയ അഭിമുഖ സംഭാഷണത്തിൽനിന്നു്.




Thomas Eapen
Staten Island







Dr. Joy Paul
Los Angeles




Dr. K. E. Eapen
Chicago

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob (Hon Chief) Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam Kottayam-686 038